വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം

257 (5060) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും ശക്തിപ്പെടുത്തലിനും വേണ്ടി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടൂറിസവുമായി ബന്ധപ്പെട്ട സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് അവയെ ആധുനികവൽക്കരിക്കുകയും സേവനങ്ങൾ ഔട്ട്സോഴ്സ് ചെയ്യുകയും സാങ്കേതിക വിദഗ്ധരുടെയും സ്ഥാപനങ്ങളുടെയും സേവനം ഉടമ്പടി വ്യവസ്ഥയിൽ പ്രയോജനപ്പെടുത്തുകയുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. വിനോദസഞ്ചാരസ്ഥാപനങ്ങളിലെ തൊഴിൽ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതും വിനോദസഞ്ചാര വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനാവശ്യമായ പരിശീലനം നൽകുന്നതും ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ്.

(സി) ഇതിനായി 2015-16 സാമ്പത്തിക വർഷത്തിൽ പദ്ധതികളുടെ നടത്തിപ്പിനായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly